(Pages : 4) **T – 2989**

**Reg. No. : ..............................**

**Name : ..................................**

## Second Semester B.A./B.Sc. Degree Examination, August 2024

## First Degree Programme under CBCSS

## Language Course V – Additional Language – Malayalam

## ML 1211.1 : ഗദ്യസാഹിത്യം

## (2021 Admission Onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരം എഴുതുക.

1. പ്രസ്ഥാനത്രയം എന്ന കൃതി എഴുതിയത് ആരാണ് ?

2. അമ്മയ്ക്കൊരു താരാട്ട് എന്ന കവിത എഴുതിയത് ആരാണ് ?

3. നാട്ടുരാജ്യങ്ങളെ സ്വതന്ത്ര ഇന്ത്യയോട് കൂട്ടിച്ചേർക്കുന്നതിനുവേണ്ടി തയ്യാറാക്കിയ പരിപാടിയുടെ പേരെന്ത് ?

4. അജ്ഞതയാണ് ആദ്യത്തെ പ്രതിരോധം എന്ന് മനസ്സിലാക്കിയ ഗുരുവിന്റെ പ്രബോധനം എന്തായിരുന്നു ?

5. മലയാളത്തിലെ ആദ്യത്തെ ചെറുകഥ ഏതാണ് ?

6. നോവൽ വായനകൾ എന്ന പുസ്തകം എഴുതിയതാരാണ് ?

7. വാർദ്ധക്യത്തെ പ്രമേയമാക്കി ടി.വി. കൊച്ചുബാവ എഴുതിയ നോവൽ ഏതാണ് ?

P.T.O.

Scanned with CamScanner

8. കോലാട് എന്ന കഥ രചിച്ചതാര് ?

9. മലയാളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ നോവൽ ഏതാണ് ?

10. 'മഹാരാജാക്കന്മാരിൽ വെച്ച് കലാകാരനും കലാകാരന്മാരിൽ വച്ച് മഹാരാജാവും' എന്നറിയപ്പെടുന്നതാരാണ് ?

**(10 × 1 = 10 Marks)**

II. **അമ്പത്** വാക്കിൽ കവിയാതെ **എട്ട്** ചോദ്യത്തിന് ഉത്തരം എഴുതുക.

11. നോവലിലെ ആധുനികതയെപ്പറ്റി കുറിപ്പ് എഴുതുക.

12. 'എത്ര സമ്പത്തുള്ള തറവാടായാലും വേണ്ടതില്ല അനന്തരവന്മാരുടെ കാര്യം മഹാ മോശമാണ്' - സന്ദർഭം എന്ത്?

13. 'ഈശ്വരൻ മനുഷ്യനെ വിടാതെ പിടികൂടുന്ന ഒരു വേട്ടനായയാണ് ' എന്ന് ഡോ. എം. ലീലാവതി പറയുന്നത് എന്തുകൊണ്ടാണ്?

14. 'ഏനെ ആരും രക്ഷിക്കേണ്ട. ഏൻ പെണ്ണുങ്ങക്ക് വേണ്ടി യൂണിയനിൽ ചേരാമ്പോവ്വാ' - ആരുടെ വാക്കുകൾ? സന്ദർഭം എന്ത്?

15. 'മൂടിപ്പുതച്ച് കിടന്നുറങ്ങ്യാ പറ്റ്വോ ഇന്ന് തിങ്കളാഴ്ചയല്ലേ' - സന്ദർഭം വിവരിക്കുക.

16. ആശയങ്ങൾക്കുവേണ്ടി ഇംഗ്ലീഷ് പഠിക്കേണ്ടി വരരുത് എന്ന് പറയുന്നത് എന്തുകൊണ്ട്?

17. 'വല്ലപ്പോഴുമൊക്കെ നിങ്ങൾക്ക് എല്ലാ വിഷമങ്ങളും മറന്ന് മധുരസ്വപ്നം കണ്ട് നന്നായി ഒന്നുറങ്ങാൻ ആഗ്രഹമില്ലേ'. സുകുമാരൻ നായർ വിൽക്കുന്ന ഗുളിക എന്തിന്റെ പ്രതീകമാണ്?

18. 'അങ്ങ് ഉദ്ദേശിക്കാത്ത ഒരു പ്രയോജനം കൂടി ഇതുകൊണ്ട് കിട്ടിയിട്ടുണ്ട്.' എസ്. ഗുപ്തൻനായർ പറയുന്ന പ്രയോജനം എന്താണ്?

19. 'ഇക്കാര്യത്തിൽ ഗുരു ഇന്ദ്രജാലക്കാരനായ യോഗിയായിരുന്നു'. ഗുരുവിന്റെ ഇന്ദ്രജാലം വിജയിച്ചത് എങ്ങനെ?

20. സ്ത്രീകളുടെ ഒരു യോഗം ഉണ്ടാക്കിയാൽ കൊള്ളാമെന്ന് ചിരുതയ്ക്ക് തോന്നുന്നത് എന്തുകൊണ്ട്?



Scanned with CamScanner

21. 'പക്ഷേ കാലം വളരെ മോശമാണ് രവി'. അമ്മയുടെ ആശങ്ക ശരിയാണെന്ന് കഥ തെളിയിക്കുന്നത് എങ്ങനെ?

22. 'ഇതെന്താ ഇങ്ങനെ? ഒരു മരണവീടിന്റേതായ യാതൊരു അന്തരീക്ഷവും ഇല്ലല്ലോ ഇവിടെ'. സന്ദർഭമെന്ത്?

**(8 × 2 = 16 Marks)**

III. നൂറു വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരം എഴുതുക.

23. സമകാലീന ചെറുകഥയുടെ ആഖ്യാന വൈവിധ്യങ്ങളും പ്രമേയപരിചരണവും എപ്രകാരമാണ്?

24. ആക്ഷേപഹാസ്യത്തിൽ പൊതിഞ്ഞ സാമൂഹിക വിമർശനമാണ് വിശ്വവിഖ്യാതമായ മൂക്ക് എന്ന ചെറുകഥ. ഈ പ്രസ്താവന ശരിയാണോ എന്ന് പരിശോധിക്കുക.

25. ശ്രീനാരായണഗുരുവിന്റെ ചരിത്ര വ്യക്തിത്വം എങ്ങനെയായിരുന്നു?

26. രണ്ടിടങ്ങഴിയിൽ പരാമർശിക്കുന്ന മതംമാറലിന്റെ പരിണിതഫലം എന്തായിരുന്നു?

27. ജീവിച്ചിരിക്കുന്നവരെപ്പോലെ തന്നെ മരിച്ചവർക്കും വിശപ്പും ദാഹവും ഉണ്ടെന്ന് മനസ്സിലാക്കുകയും അവർക്ക് സ്നേഹത്തോടെ ശ്രാദ്ധമൂട്ടുകയും ചെയ്യുന്ന മലയാളി മനസ്സിനെ ഒ.വി. വിജയൻ പരിചയപ്പെടുത്തുന്നത് എങ്ങനെ?

28. രജനി എന്ന ക്യാൻസർ രോഗിയിൽ കവിത സ്വാന്തനചികിത്സയായതെങ്ങനെ?

29. മരണത്തെ ഒരാഘോഷമാക്കി മാറ്റുന്ന പുതുതലമുറയാണ് ടി.വി. കൊച്ചുബാവയുടെ കഥയിൽ കാണുന്നത് - വിശദീകരിക്കുക.

30. മുഖവാചകത്തിൽ തെളിമയോടും ശക്തമായും രേഖപ്പെടുത്തിയിരിക്കുന്നത് നാലു കാര്യങ്ങളാണ്. അവ ഏതെല്ലാം ആണ്?

31. കടലോരപ്രദേശത്തെ യുവാക്കളുടെ ജീവിതം സേവി എന്ന കഥാപാത്രത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കുക.

**(6 × 4 = 24 Marks)**



Scanned with CamScanner

IV. **മുന്നൂറ്** വാക്കിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരം എഴുതുക.

32. വഴി തിരിച്ചുവിട്ട ആചാര്യനെക്കുറിച്ചുള്ള ഡോ. എം. ലീലാവതിയുടെ ഓർമ്മകൾ ക്രോഡീകരിക്കുക.

33. കുട്ടനാട്ടിലെ കർഷകരുടെ വർഗ്ഗബോധത്തിന്റെ കഥയാണ് രണ്ടിടങ്ങഴി എന്ന നോവലിൽ ഉള്ളത്. വിശദീകരിക്കുക.

34. നെയ്പ്പായസം എന്ന കഥ സ്ത്രീയവസ്ഥയുടെ യഥാർത്ഥ ആവിഷ്കാരമായി മാറുന്നത് എങ്ങനെയെന്ന് പരിശോധിക്കുക.

35. സ്വാതിതിരുനാളിന്റെ സന്നിധിയിൽ നിന്നുകൊണ്ട് എസ്. ഗുപ്തൻനായർ ഓർക്കുന്ന കലാകാരന്മാർ ആരൊക്കെയാണെന്നും അവരുടെ സവിശേഷതകൾ എന്തൊക്കെയാണെന്നും പരിശോധിക്കുക.

**(2 × 15 = 30 Marks)**

---



Scanned with CamScanner